# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 4704

19.05.2017 -ൽ മറുപടിക്ക്

### ജാതി -വരുമാന സർട്ടിഫിക്കറ്റുകൾക്ക് ലളിതമായ നടപടിക്രമം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | | **ശ്രീ.എ. കെ ബാലൻ,** (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| (എ) | ആദിവാസി വിഭാഗത്തിൽപ്പെട്ട വിവിധ വിഭാഗങ്ങൾ വിദ്യാഭ്യാസ പരമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതിനാൽ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിന് അക്ഷയകേന്ദ്രങ്ങൾ വഴിയും മറ്റും രജിസ്റ്റർ ചെയ്യുന്നതിന് വലിയ പ്രയാസം നേരിടുന്നുണ്ട് എന്നതു കണക്കിലെടുത്ത് സർട്ടിഫിക്കറ്റുകൾ സൗകര്യപ്രദമായി ലഭിക്കുന്നതിന് വകുപ്പ് മുഖേന എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സർക്കാരിന്റെ ഐ.റ്റി നയത്തിന്റെ ഭാഗമായി വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജനസേവനകേന്ദ്രങ്ങൾ (അക്ഷയ കേന്ദ്രങ്ങൾ) വഴി ഓൺലൈനായി ലഭ്യമാക്കുന്നതിനാണ് സർക്കാർ 2013 മാർച്ച് മുതൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കിയത്. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ആളുകൾ ആവശ്യമായ രേഖകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിൽ എത്തിയാൽ അവർക്ക് വേണ്ടി അക്ഷയകേന്ദ്രത്തിലെ ജീവനക്കാരാണ് അപേക്ഷ രജിസ്റ്റർ ചെയ്യുന്നത്. അത്യാവശ്യ സന്ദർഭങ്ങളിൽ വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ആഫീസുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കുന്ന പക്ഷം സർട്ടിഫിക്കറ്റുകൾ നേരിട്ട് നൽകുന്നതാണ് എന്ന് 05.09.2013 ലെ 29086/റ്റി2/2013/റ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. |
| (ബി) | ആദിവാസി വിഭാഗങ്ങൾക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി ലളിതമായ നടപടി ക്രമത്തിലൂടെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | ബി) | നടപടി ക്രമങ്ങൾ മേൽ 'എ' യിൽ വിവരിച്ചതിൻ പ്രകാരം ലളിതമാക്കിയിട്ടുള്ളതിനാലും ഇതിലൂടെ ഓരോ പ്രാവശ്യവും സർട്ടിഫിക്കറ്റിനായി വില്ലേജ് ആഫീസറെ സമീപിക്കേണ്ട ആവശ്യകത ഒഴിവാക്കിയിട്ടുള്ളതിനാലും ലളിതമായ നടപടിക്രമങ്ങൾ ആണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇനിയും ലളിതമാക്കുന്നത് സംബന്ധിച്ച് നടപടി ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**